**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1362**

**06-03-2020-ൽ മറുപടിക്ക്**

## മങ്കട തോട് നവീകരണം

**ചോദ്യം**

**ശ്രീ. ടി.എ. അഹമ്മദ് കബീർ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | മങ്കട നിയോജക മണ്ഡലത്തിലെ മങ്കട തോട് നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്; വിശദമാക്കുമോ; | (എ) യും (ബി) യും. | മങ്കട തോട് നവീകരണവുമായി ബന്ധപ്പെട്ട് ശ്രീ. അഹമ്മദ് കബീർ എം.എൽ.എ നൽകിയ അപേക്ഷയിൽ കെ.എൽ.ഡി.സിയ്ക്ക് നൽകിയ നിർദ്ദേശത്തിന്മേൽ പ്രോജക്ട് തയ്യാറാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മങ്കട തോട് നവീകരിക്കുന്നതിന് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | | |
| (സി) | ചെറുപുഴ തോട് സംരക്ഷണത്തിനായി ലഭിച്ച ഫണ്ടിൽ നിന്നും പുളച്ചിറ കടവിൽ ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) യും (ഡി) യും. | മങ്കട നിയോജക മണ്ഡലത്തിൽപ്പെട്ട ചെറുപുഴ തോടിന്റെ പുനരുദ്ധാരണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായി നബാർഡ് ആർ.ഐ.ഡി.എഫ്-21 ൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായ പ്രവൃത്തിയിൽ ഉൾപ്പെട്ട പുളച്ചിറ കടവിൽ ഒരു തടയണയുടെ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. അതിനുശേഷം ഏകദേശം 500 മീറ്റർ താഴെയായി പുതിയ തടയണ നിർമ്മിക്കുന്നതിനുള്ള 99.98 ലക്ഷം രൂപയുടെ പ്രോജക്റ്റിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പുളച്ചിറ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ